# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4327 25.06.2019-ൽ മറുപടിയ്ക്ക്

### പരത്തിക്കാട്-കരിങ്കോലി-മൊട്ടകുന്ന് ഭഗവതി ക്ഷേത്രം റോഡ് പുനരുദ്ധാരണം

| ചോദ്യം<br>ശ്രീ.സണ്ണി ജോസഫ് | | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഏഴിമല നാവിക അക്കാഡമിക്കായി കുടിയൊഴിപ്പിച്ച മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ നിലവിലെ താമസ സ്ഥലത്തിന് സമീപമുള്ള പരത്തിക്കാട്-കരിങ്കോലി-മൊട്ടക്കുന്ന് ഭഗവതി ക്ഷേത്രം റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | പരത്തിക്കാട് -കരിങ്കോലി-മൊട്ടക്കുന്ന് ഭഗവതി ക്ഷേത്രം റോഡ് 860 മീറ്റർ സോളിംഗ് നടത്തിയിട്ടുണ്ട്. ആയതിൽ 172 മീറ്റർ ഭാഗം രാമന്തളി ഗ്രാമപഞ്ചായത്തിന്റെ 2017 - 18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മെയിന്റനൻസ് റോഡ് ഫണ്ട് ഉപയോഗിച്ച് 2018 - 19 വർഷത്തിൽ ടാറിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഇതേ റോഡിന്റെ ബാക്കി വരുന്ന ഭാഗത്തെ 690 മീറ്റർ ഭാഗം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഫണ്ടുപയോഗിച്ച് ടാറിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ